**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊട്ടാരക്കര ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് - കുടുംബ കല്ലറ നിർമ്മിക്കുന്നതിനെതിരെ ശ്രീമതി.തങ്കമ്മ ഫയൽ ചെയ്ത WP(c)/35320/2014 നമ്പർ അപ്പീലിന്മേൽ ബ<u>ഹു</u>.ഹൈക്കോടതി വിധി - തീർപ്പാക്കി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 2911/15/തസ്വഭവ  തിരുവനന്തപുരം, തീയതി :25/9/2015

---

പരാമർശം- 1. കൊല്ലം ജില്ലാ കളക്ടർ-ഇൻ-ചാർജ്ജിന്റെ 18.08.2014 ലെ കെ.ഡിസ്/16934/13/എം-14 നമ്പർ നടപടിക്രമം.
2. 22.12.2014 ലെ ശ്രീമതി.തങ്കമ്മയുടെ അപ്പീൽ.
3. WP(c)35320/2014-മ്മേലുള്ള ബ<u>ഹു</u>.കേരള ഹൈക്കോടതിയുടെ 13.01.2015 ലെ വിധിന്യായം.

## <u>ഉത്തരവ്</u>

കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിലെ ഉമ്മന്നൂർ പഞ്ചായത്തിൽ ഒരു കുടുംബ കല്ലറ നിർമ്മിക്കുന്നതിനായി ശ്രീ.തോമസ് എബ്രഹാം എന്നയാൾക്ക് പരാമർശം (1)ലെ നടപടിക്രമത്തിലൂടെ കൊല്ലം ജില്ലാ കളക്ടർ അനുവാദം നൽകിയതിനെതിരെ പരാമർശം (2) പ്രകാരം ശ്രീമതി.തങ്കമ്മ എന്നയാൾ സമർപ്പിച്ച അപ്പീൽ പരിഗണിക്കണമെന്നാവശ്യപ്പെട്ട് ഫയൽ ചെയ്ത WP(c)35320/2014-മ്മേൽ പരാമർശം (3)ലെ ബ<u>ഹു</u>.കേരള ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം 21.07.2015 ലും, 28.07.2015 ലും ഹിയറിംഗുകൾ നടത്തുകയുണ്ടായി. 21.07.2015 ലെ ഹിയറിംഗിൽ കൊട്ടാരക്കര തഹസീൽദാർ ശ്രീ.കെ.സോമസുന്ദരൻ പിള്ള, കൊട്ടാരക്കര താലൂക്ക് ഓഫീസിലെ ജൂനിയർ സൂപ്രണ്ട്, ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി.ലത എന്നിവർ പങ്കെടുത്തിരുന്നു. 28.07.2015 ലെ ഹിയറിംഗിൽ ശ്രീ.തോമസ് എബ്രഹാമിനു വേണ്ടി അഡ്വ.ബി.ജെ.ഷിബുവും, ശ്രീ.ജോൺസൺ എബ്രഹാമും ഹാജരായിരുന്നു. പരാതിക്കാരിയായ ശ്രീമതി.തങ്കമ്മയോ, അവരുടെ വക്കീലായ അഡ്വ.രാജേഷ് മുരളിയോ 21.07.15 ലെയും 28.07.2015 ലെയും ഹിയറിംഗിൽ പങ്കെടുക്കുകയുണ്ടായില്ല.

ഹിയറിംഗിൽ നിന്നും മനസ്സിലായതും, ലഭ്യമായ റിപ്പോർട്ടുകൾ പരിശോധിച്ചതിൽ നിന്നും, അപ്പീൽവാദിയായ ശ്രീമതി.തങ്കമ്മയുടെ വാദങ്ങൾ ന്യായമാണെന്നു കാണുന്നില്ല. കുടുംബക്കല്ലറയ്ക്കായി ശ്രീ.തോമസ് എബ്രഹാം അപേക്ഷ സമർപ്പിക്കുമ്പോഴും നാളിതുവരെയും 50

മീറ്റർ ചുറ്റളവിൽ വാസഗൃഹങ്ങളൊന്നും തന്നെ നിലവിലില്ലാത്തതും, ഭാവിയിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന വീടിനെ സംബന്ധിച്ചാണ് പരാതിയിൽ സൂചിപ്പിച്ചിരിക്കുന്നതെന്നും മനസ്സിലാകുന്നു. തന്നെയുമല്ല ശ്രീ.തോമസ് എബ്രഹാം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് കോൺക്രീറ്റ് കല്ലറ ആയതിനാൽ 1998 ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടപ്രകാരം കോൺക്രീറ്റ് കല്ലറകൾക്ക് വാസഗൃഹങ്ങളിൽ നിന്ന് 25 മീറ്റർ ദൂരപരിധി മതിയാകുന്നതാണ്.

ഈ സാഹചര്യത്തിൽ ശ്രീമതി.തങ്കമ്മയുടെ പരാതികൾ അടിസ്ഥാന രഹിതമായതിനാൽ, കൊട്ടാരക്കര താലൂക്കിലെ ഉമ്മന്നൂർ വില്ലേജിൽ റീസർവ്വേ നം.514/2-ൽപ്പെട്ട 44.62 ആർ സ്ഥലത്ത് ശ്രീ.തോമസ് എബ്രഹാമിന് കുടുംബ കല്ലറ നിർമ്മിക്കുന്നതിന് അനുവാദം നൽകിയ കൊല്ലം ജില്ലാ കളക്ടർ-ഇൻ-ചാർജ്ജിന്റെ നടപടിക്രമം അംഗീകരിക്കുകയും, ടി ഉത്തരവിനെതിരെ ശ്രീമതി.തങ്കമ്മ ഫയൽ ചെയ്ത അപ്പീൽ നിരസിച്ചും, ഹൈക്കോടതി വിധി നടപ്പിലാക്കി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
ജെസ്സി ജോർജ്ജ്
അണ്ടർ സെക്രട്ടറി

1) അഡ്വക്കേറ്റ് ജനറൽ, എറണാകുളം
2) ജില്ലാ കളക്ടർ, കൊല്ലം
3) അക്കൗണ്ടന്റ് ജനറൽ (എ & ഇ ആഡിറ്റ്), തിരുവനന്തപുരം
4) സെക്രട്ടറി, ഉമ്മന്നൂർ ഗ്രാമ പഞ്ചായത്ത്
5) എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6) കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ